# ഗ്രാമവികസന കമ്മീഷണറേറ്റിലെ

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

(ഹാജർ: അജിത് ദാസ്.എ)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)-തൊഴിലുറപ്പ് പ്രവൃത്തികളുടെ മേൽനോട്ടത്തിന് എക്സ്റ്റൻഷൻ ഓഫീസർ വിമൻ വെൽഫയർ (ഇ.ഒ.ഡബ്ല്യു.ഡബ്ല്യു) - മാർക്ക് ചുമതല നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഉത്തരവ് നം. 6996/എസ്റ്റാ. സി.2/2019/സി.ആർ.ഡി | തീയതി:17/06/2019 |
|---|---|

പരാമർശം-1) എം.ജി.എൻ.ആർ.ഇ.ജി.എ മിഷൻ ഡയറക്ടറുടെ 22/05/2019 ലെ 1460/സി/19/ആർ.ഇ.ജി.എസ് നമ്പർ കത്ത്.

2) 28.02.2019-ൽ കേന്ദ്ര ഗ്രാമവികസന സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ എംപവേർഡ് കമ്മിറ്റിയിലെ തീരുമാനം.

## ഉത്തരവ്

ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന ഒട്ടനവധി പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ആവശ്യമായി വരുന്ന ജീവനക്കാരുടെ അപര്യാപ്തത കാരണം പ്രതീക്ഷിത നേട്ടം കൈവരിക്കുവാൻ കഴിയാത്ത സാഹചര്യവും ഉചിതമായ ഡോക്യുമെന്റേഷന്റെ അഭാവംകൊണ്ട് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ദേശീയ തലത്തിൽ റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത അവസ്ഥയും നിലവിലുണ്ട്.

നിലവിലുള്ള ടി പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) (ഇ.ഒ.ഡബ്ല്യു.ഡബ്ല്യു) മാരുടെ സേവനം തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സൂചന പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എ മിഷൻ ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി)-യുടെ ചുമതല വനിതാക്ഷേമ ഓഫീസർമാർക്കാണ്. ഇതിനുപുറമേ എം.ജി.എൻ.ആർ.ഇ.ജി.എസ്സിന്റെ ചുമതല കൂടി എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം)മാർക്ക് നൽകുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
2. എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ.(ജനറൽ)
4. ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

ജെജെ

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(കേരളം)**
(അഞ്ചാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ.)
തിരുവനന്തപുരം-695003.
ഫോൺ: 0471-2313385, 1800 425 1004 (Helpline), ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in

നം.1460/സി/19/ആർ.ഇ.ജി.എസ് തീയതി : 01.07.2019

പ്രേഷകൻ
മിഷൻ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും

സർ,

വിഷയം:- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - തൊഴിലുറപ്പ് പ്രവൃത്തികളുടെ മേൽനോട്ടത്തിന് എക്സ്റ്റൻഷൻ ഓഫീസർ വിമൻ വെൽഫയർ (ഇ.ഒ.ഡബ്ല്യു.ഡബ്ല്യു) മാരുടെ സേവനം പ്രയോജനപ്പെടുത്തുന്നത്- അധിക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിച്ചത്- സംബന്ധിച്ച്

സൂചന: 17.06.2019 ലെ ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ വർഷവും 2500 കോടിയിലധികം രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും കാര്യക്ഷമമായ ഫീൽഡുതല പരിശോധനകളും മേൽനോട്ടത്തിന്റെ അഭാവവും കാരണം പ്രവൃത്തികളുടെ ഗുണനിലവാരം പ്രതീക്ഷിച്ച രീതിയിൽ കൈവരിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും ഉചിതമായ ഡോക്യുമെന്റേഷന്റെ അഭാവം കൊണ്ട് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ദേശീയ തലത്തിൽ റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ട്.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ ഫീൽഡ്തല മോണിറ്ററിംഗ്, ഡോക്യുമെന്റേഷൻ പ്രവൃത്തികളും കാര്യക്ഷമമായി നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. നിലവിൽ

ബ്ലോക്കുതലത്തിൽ ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്) മാത്രമാണ് തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ സഹായിക്കുന്നത്.

മേൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തൊഴിലുറപ്പ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഫീൽഡ്തല പരിശോധനകൾ ശക്തമാക്കുന്നതിനും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ യഥാസമയം ദേശീയ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുംവേണ്ടി ബ്ലോക്കുതലത്തിൽ സേവനം അനുഷ്ഠിച്ചുവരുന്ന എക്സ്റ്റൻഷൻ ഓഫീസർ - വിമൻ വെൽഫയർ (ഇ.ഒ.ഡബ്ല്യു.ഡബ്ല്യു) മാർക്ക് കൂടി ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്) നുപരിയായി അധിക ചുമതല നൽകി സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനതത്തിൽ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ വുമായി ബന്ധപ്പെട്ട ചുവടെപറയുന്ന ചുമതലകൾ എക്സ്റ്റൻഷൻ ഓഫീസർ - വിമൻ വെൽഫയർ (ഇ.ഒ.ഡബ്ല്യു.ഡബ്ല്യു) മാർക്ക് നൽകുവാൻ നിർദ്ദേശിക്കുന്നു.

- പദ്ധതി നിർവ്വഹണത്തിന്റെ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ പൊതുവായി ഏകോപിപ്പിക്കുന്നതിന് ജോയിന്റ് ബി.ജി.ഒ (ഇ.ജി.എസ്)നെ സഹായിക്കുക.
- പദ്ധതിയിലെ കാറ്റഗറി ബി വിഭാഗത്തിൽപ്പെട്ട വ്യക്തിഗത ആസ്തികൾ നിർമ്മി ക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ്, ഏകോപനം തുടങ്ങിയവ
- മികച്ച പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ തയ്യാറാക്കൽ, ആഡിയോ - വീഡിയോ ഡോക്യുമെന്റേഷൻ, പ്രോസസ്സ് ഡോക്യുമെന്റേഷൻ, തുടങ്ങിയവ

ഉത്തരവിന്റെ പകർപ്പ് താങ്കളുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

എൽ.പി.ചിത്തർ
മിഷൻ ഡയറക്ടർ (i/C)